# ജനക്ഷേമം ലക്ഷ്യമാകണം

**വീണ്ടും** അധികാരമേറ്റതിന്റെ മധുവിധുവിലാണ് യു.പി.എ സർക്കാർ. രാജ്യം സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ വെല്ലുവിളികളിലൂടെ കടന്നുപോകുന്ന കാലമാണ് ഇത്. മധുവിധുവിന്റെ ആഢംബരവും ആഘോഷവും വെടിഞ്ഞ് സർക്കാർ ജനങ്ങളിലേക്കിറങ്ങേണ്ട സാഹചര്യവും. കഴിഞ്ഞ സർക്കാറിന്റെ കാലത്ത് നടപ്പാക്കിയ ജനോപകാരമായ പദ്ധതികൾ യു.പി.എയുടെ രണ്ടാം വരവിന് കാരണമായിട്ടുണ്ട്.

സാമ്പത്തിക മാന്ദ്യം, ദാരിദ്ര്യം, തൊഴിലില്ലായ്മ, പാരിസ്ഥിതിക പ്രശ്നങ്ങൾ, രാജ്യസുരക്ഷ എന്നിവയെല്ലാം രാജ്യം അഭിമുഖീകരിക്കുന്ന അടിയന്തര പ്രശ്നങ്ങളാണ്. നൂതനവും ഫലപ്രദവുമായ നടപടികളാണ് ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും ജനം പ്രതീക്ഷിക്കുന്നത്. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയാണ് മുൻഗണനയോടെ നിർവഹിക്കേണ്ട പ്രവർത്തനം. റോഡുകൾ, കിണറുകൾ, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതി, പള്ളിക്കൂടങ്ങൾ, തൊഴിൽ പരിശീലനശാലകൾ തുടങ്ങിയവ സംയോജിത ഗ്രാമപരിപാടികളായി തൊഴിലുറപ്പ് പദ്ധതി പോലെ തന്നെ ആവിഷ്കരിക്കപ്പെടണം. പരിസ്ഥിതി സൗഹൃദവും താരതമ്യേന നടത്തിക്കൊണ്ടുപോകാൻ എളുപ്പമുള്ളതുമായ ചെറുകിട സംരംഭങ്ങളാണ് കുടിവെള്ളത്തിനും വൈദ്യുതിക്കും കരണീയമായിട്ടുള്ളത്. ഗ്രാമങ്ങളുടെ ശാക്തീകരണത്തിലാണ് ഇന്ത്യയുടെ പുരോഗതിയെന്ന് വിശ്വസിച്ച രാഷ്ട്രപിതാവായ മഹാത്മാവിനോട് അനുയായികൾക്ക് ചെയ്യാവുന്ന ഏറ്റവും നല്ല നന്ദിപ്രകടനമായിരിക്കും ഇത്.

ഗ്രാമീണ മേഖലയിൽ ഇത്തരം സംവിധാനങ്ങൾ ഫലപ്രദമാകണമെങ്കിൽ അവ പരിസ്ഥിതി-ജനസൗഹൃദ പദ്ധതികളായിരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയെന്നത് രാജീവ് ഗാന്ധിയുടെ വലിയ സ്വപ്നമായിരുന്നു. തദ്ദേശ സ്ഥാപനങ്ങളിൽ സമൂഹത്തിലെ എല്ലാ വിഭാഗത്തിനും അർഹമായ പ്രാതിനിധ്യം നൽകണം. വിഢ്ഢികൾ വാചാലരാകുന്ന സാഹചര്യമാണ് നമ്മുടെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ളത്. വികേന്ദ്രീകൃതവും സ്വതന്ത്രവുമായ സംവിധാനമാക്കി ഇവ വികസിപ്പിക്കപ്പെടണം. ധനവിനിയോഗത്തിലും പദ്ധതികളുടെ നടത്തിപ്പിലും പ്രദേശത്തെ ജനങ്ങൾക്ക് അഭിപ്രായം പറയാൻ കഴിയണം.

നഗരജീവിതവും ഇപ്രകാരംതന്നെ ആസൂത്രണം ചെയ്യപ്പെടണം. നഗരം നരകസമാനമാകുന്നതാണ് അനുഭവം. പരിസ്ഥിതി സൗഹൃദ പൂർണ സമീപനം നഗരാസൂത്രണത്തിൽ അനിവാര്യമാണ്. പാശ്ചാത്യ നഗരങ്ങൾ ഇതിന് നല്ല മാതൃകയാണ്. ഇടുങ്ങിയതും മലിനവുമാണ് നമ്മുടെ നഗരപാതകൾ. മെച്ചപ്പെട്ടതും ചെലവ് കുറഞ്ഞതുമായ പൊതുഗതാഗത സംവിധാനത്തെ കൂടുതൽ ജനങ്ങൾ ആശ്രയിക്കുമെന്ന കാര്യത്തിൽ സംശയമില്ല. നഗരത്തിലെ ഗതാഗത കുരുക്കുകൾക്ക് വർധിച്ച പൊതുഗതാഗത സംവിധാനം അയവ് നൽകും. മരങ്ങൾ നഗരങ്ങളുടെ അലങ്കാരമാകണം. മാലിന്യങ്ങൾ ശേഖരിക്കപ്പെടുകയും പാരിസ്ഥിതികമായി പുനരുപയോഗിക്കപ്പെടുകയും വേണം.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റംഗങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള സംവിധാനം ഉണ്ടാവണം. ദില്ലിയിൽ കേരള എം.പിമാരെ ആദരിക്കുന്ന ഒരു ചടങ്ങിൽ എം.പിമാരെക്കുറിച്ച് വിലയിരുത്തുന്നത് അവരുടെ പ്രവർത്തനം നോക്കിയാകണമെന്ന് ഒരു ഉന്നത കലാലയത്തിന്റെ പ്രിൻസിപ്പൽ അഭിപ്രായപ്പെട്ടപ്പോൾ മറുപടിപ്രസംഗത്തിൽ എം.പിമാർ ക്രുദ്ധരായത് പത്രങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. പാർലമെന്റിന് പല എം.പിമാരെയും സംഭാവന ചെയ്തതാണ് ഈ കലാലയം എന്നുകൂടി ഓർക്കണം. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ അവരെ തിരിച്ചുവിളിക്കുന്ന സംവിധാനം പല പാശ്ചാത്യ രാജ്യങ്ങളിലുമുണ്ട്. നമുക്ക് ചുരുങ്ങിയത് അവരെ വിലയിരുത്താനുള്ള അവകാശമെങ്കിലും വേണ്ടേ?.

**കെ.എ ഫൈസൽ**




# പാർലമെന്റിലെ മുസ്‌ലിം എം.പിമാർ

**പുതിയ** പാർലമെന്റിൽ 30 മുസ്‌ലിം എം.പിമാരാണ് വിവിധ പാർട്ടികൾ വഴി തെരഞ്ഞെടുക്കപ്പെട്ടത്. കഴിഞ്ഞ പാർലമെന്റിൽ 37 പേരുണ്ടായിരുന്നു. ഇന്ത്യയിൽ ഏതാണ്ട് 20 കോടി മുസ്‌ലിംകളുണ്ടെന്നാണ് ഒരു കണ്ടെത്തൽ. ഇത് സ്ഥിരീകരിക്കാത്ത കണക്കാണ്. എന്തായാലും സർക്കാർ ഏജൻസികൾ പറയുന്ന സംഖ്യയേ കണക്കിലെടുക്കാൻ സാധിക്കൂ. എന്നാൽ വെറും 30 മുസ്‌ലിംകൾ മാത്രമാണ് പാർലമെന്റിൽ എത്തിയത്. താഴെ കൊടുക്കുന്ന മണ്ഡലങ്ങളിൽനിന്നാണ് 30 പേർ തെരഞ്ഞെടുക്കപ്പെട്ടത്.

ആന്ധ്രപ്രദേശ് (ഹൈദരാബാദ്) 1, ആസ്സാം (ദുബ്‌റി, ബാർപ്പെട്ട) 2, ബിഹാർ (കിഷൻഗഞ്ച്, ബെഗുസറായ്, ഭഗൽപൂർ) 3, ജമ്മു കശ്മീർ (ബാറാമുല്ല, ശ്രീനഗർ, അനന്തനാഗ്, ലഡാക്ക്) 4, കേരളം (മലപ്പുറം, പൊന്നാനി, വയനാട്) 3, തമിഴ്നാട് (വെല്ലൂർ, തേനി) 2, ഉത്തർ പ്രദേശ് (കൈരനാ, മുസാഫർ നഗർ, ഖേരി, മൊറാദാബാദ്, സമ്പൽ, ഫറുകാബാദ്, സീതാപൂർ) 7, പശ്ചിമ ബംഗാൾ (മൽദാഹ ഉത്തർ, മുർഷിദാബാദ്, മൽദാഹാ ദക്ഷിൺ, ബസിൻഹട്ട്, ഉലുബേറിയ ബർദ്വാൻ, ദുർഗാപൂർ, ജാദവ്പൂർ) 7, ലക്ഷദ്വീപ് (ലക്ഷദ്വീപ്)1.

ഖേദകരമായ വസ്തുത ദൽഹി, രാജസ്ഥാൻ, ഉത്തർഖണ്ഡ്, ഛത്തീസ്ഗഢ്, ഗുജറാത്ത്, മഹാരാഷ്ട്ര, കർണാടക, ഗോവ, മധ്യപ്രദേശ്, അന്തമാൻ ദ്വീപ്, പഞ്ചാബ് തുടങ്ങി മുസ്‌ലിംകൾക്ക് ഗണ്യമായ സാന്നിധ്യമുള്ള സംസ്ഥാനങ്ങളിൽനിന്ന് ഒറ്റ മുസ്‌ലിം എം.പി പോലും പാർലമെന്റിൽ എത്തിയില്ല എന്നതാണ്. കേരളത്തിൽ തന്നെ 81 ലക്ഷത്തോളം മുസ്‌ലിംകളുള്ളതിൽ മൂന്ന് പേർ മാത്രമാണ് ലോക്സഭയിൽ എത്തിയത്. കേരളത്തിൽ മുസ്‌ലിംകളേക്കാൾ ജനസംഖ്യ കുറഞ്ഞ ക്രിസ്ത്യാനികളിൽനിന്ന് ആറു പേരാണ് ലോക്സഭയിൽ എത്തിയിരിക്കുന്നത്. കോൺഗ്രസ്സായാലും ഇടതുപക്ഷമായാലും തെരഞ്ഞെടുപ്പിൽ മുസ്‌ലിംകൾക്ക് വേണ്ട പ്രാധാന്യം നൽകാറില്ല. സമുദായ നേതാക്കൾക്ക് ഈ അവഗണനയിൽ ഒരുവിധ പ്രയാസവും ഉണ്ടാകുന്നില്ല.

**ഖാൻ വെള്ളായണി മണക്കാട്**

## ചുരുക്കെഴുത്ത്

**താജ്** ആലുവയുടെ തർബിയത്ത് കുറിപ്പ് (സ്വർഗത്തിലേക്കുള്ള പാത എളുപ്പമാക്കുക, ലക്കം 4) വായിച്ചു. സാധാരണക്കാരുടെ മനസ്സുകളിൽ എളുപ്പം വേരോട്ടം കിട്ടുന്നതാണ് ഇത്തരം നുറുങ്ങുകൾ. 'നാം നമ്മോട് ചോദിക്കേണ്ട ചോദ്യങ്ങൾ' എന്ന കുറിപ്പും ശ്രദ്ധേയമായിരുന്നു. നാമൊക്കെ എത്രയോ ആവർത്തിച്ചുവായിച്ചു പോന്ന ഹദീസുകളാണെങ്കിലും അവതരണം കൊണ്ട് അകത്തളത്തിൽ കടന്നുചെല്ലാൻ അവക്കാവുന്നുണ്ട്.

**മമ്മൂട്ടി കവിയൂർ**

# നാലപ്പാട്ടിന്റേത് ഉത്തുംഗമായ കാഴ്ചപ്പാടുകൾ

**കമലാ** സുറയ്യയുടെ മകനും പ്രശസ്ത എഴുത്തുകാരനുമായ എം.ഡി നാലപ്പാട്ടുമായുള്ള അഭിമുഖം ഇസ്‌ലാമിനെക്കുറിച്ചും മുസ്‌ലിംകളെക്കുറിച്ചുമുള്ള തെറ്റിദ്ധാരണകളുടെ കരിമ്പാറക്കെട്ടുകൾ തകർക്കാൻ മാത്രം ശക്തമാണ് (ലക്കം 3). ഒരു വലിയ മാതാവിന്റെ മകന്റെ ഉത്തുംഗമായ കാഴ്ചപ്പാടുകളാണ് അത്. പകർത്താൻ പറ്റിയ അനേകം നന്മകൾ അഭിമുഖത്തിൽ ഒളിമിന്നുന്നുണ്ട്. പുസ്തകങ്ങളോടുള്ള വറ്റാത്ത പ്രേമമാണ് അവയിലൊന്ന്. 'ലക്ഷ്മിയും ഞാനും ഒരു സ്ഥലത്ത് പോയാൽ ആദ്യം അന്വേഷിക്കുക ബുക്സ്റ്റാളുകളായിരിക്കും. പുതിയ പുസ്തകങ്ങൾ പരതും. പുസ്തകങ്ങളും വായനയും ഇല്ലാത്ത ജീവിതം ഞങ്ങൾക്കില്ല' എന്ന വരികൾ നൽകുന്ന സന്ദേശം മഹത്തരമാണ്.

കമലാ സുറയ്യയുടെ ഇസ്‌ലാമാശ്ലേഷവും മരണാനന്തര ചടങ്ങുകളും ഒരായിരം പുസ്തകങ്ങൾക്കും പ്രഭാഷണങ്ങൾക്കും നിർവഹിക്കാനാവുന്നതിനുമപ്പുറമുള്ള തെളിഞ്ഞ സന്ദേശം നൽകുന്നതാണ്. അമ്മയുടെ ക്രിയേറ്റിവിറ്റിയെ ഇസ്‌ലാം പ്രതികൂലമായി ബാധിച്ചില്ല എന്ന വെളിപ്പെടുത്തൽ വിമർശകർക്കുള്ള അനിഷേധ്യമായ മറുപടിയാണ്. 'മനുഷ്യർക്കിടയിൽ ഇസ്‌ലാം വിവേചനം കാണിക്കുന്നില്ല' എന്ന പ്രസ്താവം, മനുഷ്യരെ ജാതികളായി തിരിച്ച് ഒരു വിഭാഗത്തെ തെരുവ് പട്ടികളേക്കാൾ താഴ്ന്ന തരത്തിൽ അകറ്റിനിർത്തുകയും പീഡിപ്പിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതി നിലനിൽക്കുന്ന പശ്ചാത്തലത്തിൽ ഏറെ തിളക്കമാർന്നതാണ്. മുസ്‌ലിംകളെ ഏറെ തെറ്റിദ്ധരിക്കുകയും തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ നടത്തുകയും ചെയ്ത എ.കെ ആന്റണിക്ക് ഫോണിലൂടെ എം.ഡി നാലപ്പാട്ട് നൽകിയ സന്ദേശം ശ്രദ്ധേയമാണ്.

മുസ്‌ലിംകളുടെ കണ്ണുകളിൽ ദേഷ്യവും വെറുപ്പും കാണാൻ ഉപദേശിച്ചവർക്കുള്ള മറുപടി അത്യന്തം ഹൃദ്യമായി. വെറുപ്പിന്റെ അഗ്നികുണ്ഡം കെടുത്തിക്കളയാൻ പര്യാപ്തമായ വർഷപാതമാണ് ആത്മാർഥത തുളുമ്പുന്ന ആ വാക്കുകൾ. മുസ്‌ലിംകൾ അനുഭവിക്കുന്ന വിവേചനത്തിന്റെ ആഴം സ്വന്തം അനുഭവത്തിലൂടെ അറിയാൻ അവസരമുണ്ടായ എം.ഡി നാലപ്പാട്ടിന്, അന്താരാഷ്ട്ര പ്രസിദ്ധനായ എഴുത്തുകാരനെന്ന നിലക്ക് ഇക്കാര്യത്തിൽ ഫലപ്രദമായ ഒട്ടേറെ കാര്യങ്ങൾ ചെയ്യാനാകും. മാധ്യമങ്ങളെക്കുറിച്ചുള്ള വിലയിരുത്തലും വസ്തുനിഷ്ഠമായി.

'നിങ്ങൾ പുറത്തിറങ്ങുക. നിങ്ങളുടെ കൈയിൽ വലിയൊരു സമ്മാനമുണ്ട്. ദൈവത്തിന്റെ സമ്മാനം. ഇസ്‌ലാമിന്റെ സന്ദേശം' എന്ന മുസ്‌ലിം സമൂഹത്തോടുള്ള ഉദ്ബോധനം, മനുഷ്യസ്നേഹത്തിലും ജീവകാരുണ്യത്തിലും അധിഷ്ഠിതമായ ദിവ്യദർശനത്തെ ആഴത്തിൽ മനസ്സിലാക്കിയ ഒരാളുടെ ഹൃദയാഭിലാഷം പ്രതിഫലിപ്പിക്കുന്നു.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

# ബ്ലൂടൂത്ത് ലോകത്ത് സാമ്രാജ്യത്വം മന്ദഹസിക്കുന്നു

**'കേരളത്തെ** വിഴുങ്ങുന്ന മൊബൈൽ സാമ്രാജ്യത്വം' എന്ന കവർസ്റ്റോറിയും (സി.കെ.എ ജബ്ബാർ, ലക്കം 3), 'കുത്തക വോഡഫോൺ മാത്രമോ?' എന്ന പ്രതികരണവും (മെഹർ നൗഷാദ്, ലക്കം 4) വായിച്ചപ്പോൾ സങ്കടവും വിഷമവും തോന്നി. *പ്രബോധന*ത്തിന്റെ താളുകൾ ഒരു വിഷയം കൈകാര്യം ചെയ്യുമ്പോൾ അതെന്തു കൊണ്ട് ജുഗുപ്സാവഹമായിപ്പോയി? സി.കെ.എ ജബ്ബാർ എഴുതിയ ലേഖനം ബി.എസ്.എൻ.എല്ലിനെ ന്യായീകരിക്കുന്നതും വോഡഫോണിനെ എതിർക്കുന്നതും ആയി എന്നതല്ലാതെ സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റത്തെ മൊബൈൽ ഫോൺ ഉപയോഗ മേഖലയിൽനിന്ന് ഉച്ചാടനം ചെയ്യാനുള്ള ആശയങ്ങളൊന്നും സമർപ്പിക്കുന്നില്ല. മൊബൈൽ സെറ്റുകൾ തെരഞ്ഞെടുക്കുന്നതിനെ കുറിച്ചുള്ള പരാമർശത്തിൽ തന്നെ ലേഖകന്റെ അറിവില്ലായ്മയോ സാമ്രാജ്യത്വത്തോട് വേണ്ടത്ര കാർക്കശ്യമില്ലായ്മയോ വ്യക്തമാവുന്നുണ്ട്.

മെഹർ നൗഷാദിന്റെ പ്രതികരണം ഇതിന്റെ നേർവിപരീതമാണ്. ബി.എസ്.എൻ.എല്ലിനെ എതിർക്കാനും വോഡഫോണുകൾ പോലുള്ളവയെ ന്യായീകരിക്കാനും ശ്രമിച്ചതു പോലെ. ഇതിനിടയിലെവിടെയോ സാമ്രാജ്യത്വം മന്ദഹസിക്കുന്നു.

മൊബൈൽ ഹാന്റ്സെറ്റും കണക്ഷനുമെടുക്കുമ്പോൾ ശ്രദ്ധിച്ചാൽ മാത്രം തീരുന്നതാണോ ഇതിലൂടെയുള്ള സാമ്രാജ്യത്വ അധിനിവേശം? കമ്പനികൾ നൽകുന്ന ഓഫറുകളിൽ ഒന്നാണ് രാത്രി 11 മുതൽ രാവിലെ 6 വരെയുള്ള അനിയന്ത്രിതമായ സൗജന്യ ഉപയോഗം. ഇതാർക്കു വേണ്ടിയാണ്? ഏത് തത്ത്വശാസ്ത്രവും വേദപുസ്തകവും എടുത്ത് നോക്കിയാലും മനുഷ്യൻ ഉറങ്ങുകയും വിശ്രമിക്കുകയും ചെയ്യേണ്ട സമയം മനുഷ്യരോട് സംസാരിക്കാൻ ആവശ്യപ്പെടുന്നതാരാണ്? അതിന്റെ താൽപര്യമെന്ത്? മക്കളും മാതാപിതാക്കളും സഹോദരീ സഹോദരന്മാരും സുഹൃത്തുക്കളും സംസാരിക്കുന്ന സമയമാണോ ഇത്?

'കിടിലൻ സുന്ദരികൾ', 'ബീച്ച് സുന്ദരികൾ' എന്നൊക്കെ പേരിട്ട് കമ്പനികൾ കൊച്ചുകുട്ടികളുടെ മൊബൈലിലേക്ക് പോലും എസ്.എം.എസ് അയച്ച് അവർ അറിയാതെയോ അറിഞ്ഞോ അതൊക്കെ തുറന്ന് നോക്കുമ്പോഴുണ്ടാകുന്നത് ഒരുതരം സാംസ്കാരികാധിനിവേശവുമാണ്. കമ്പനികൾക്ക് വൻ ലാഭവും. മനസ്സിനെ ഇക്കിളിപ്പെടുത്തുന്ന റിംഗ്ടോണുകളും ഇന്ന് സുലഭം. ഒരു മൊബൈൽ ചുരുങ്ങിയ ചെലവിൽ ഇന്റർനെറ്റ് സഹിതം ഒരു കമ്പ്യൂട്ടറിന്റെ ഉപയോഗം പൂർണമായും തരുമ്പോൾ എങ്ങനെ നിയന്ത്രിക്കാനാവും ഭാവി തലമുറയെ?

മൊബൈലിന്റെ അനിയന്ത്രിതമായ ഉപയോഗവും സാമ്രാജ്യത്വത്തിന്റെ സൃഷ്ടിതന്നെ. കുറഞ്ഞ താരിഫ് എന്ന വഞ്ചനയിൽ കുടുക്കി നമ്മെ കൊണ്ട് അവർ സംസാരിപ്പിക്കുകയാണ്. മനുഷ്യന് പരസ്പരം നേരിട്ട് സംസാരിക്കാൻ സമയമില്ലാതായി. എല്ലാം ഒരു യാന്ത്രികത. മുമ്പിൽ ആളുകളെ കാണുന്നുവെന്ന് മാത്രം. പക്ഷേ സംസാരം വിദൂരതയിലേക്ക്. മുമ്പിലുള്ളയാൾ വിദൂരതയിലെത്തിയാൽ ഉടൻ അയാളുമായി മൊബൈലിൽ സംസാരമായി. സംസാരത്തിന്റെ ഹൃദ്യത നഷ്ടപ്പെടുന്നതോടൊപ്പം ശാരീരിക അസുഖങ്ങൾ വേറെ. മൊബൈൽ കമ്പനികൾ കൊഴുത്ത് വീർക്കുന്നു.

**ഫാറൂഖ് ഉസ്മാൻ**
**കുഞ്ഞിമംഗലം**
farookusman@gmail.com